LIBRARY ARCHIVES Kerala Legislative Assembly

കേരള ആട്ടോ മൊബൈൽസ്

106(5265) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസിൽ 2010 മുതലുള്ള നാലര കോടി രൂപയുടെ ഇ.പി.എഫ്. കുടിശ്ശിക അടച്ചുതീർക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2010 മുതലുള്ള ഇ.പി.എഫ്. കുടിശ്ശികകളിൽ ഏകദേശം 4 കോടിയോളം രൂപ കമ്പനി അടച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇ.പി.എഫ്. കുടിശ്ശികകൾപോലുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അതാത് സ്ഥാപനത്തിന്റെ പ്രവർത്തന ലാഭത്തിൽ/വരുമാനത്തിൽനിന്നാണ് അടയ്ക്കേണ്ടത്. കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും പ്രവർത്തന സഹായമായി കഴിഞ്ഞ 5 വർഷക്കാലയളവിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഏകദേശം 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഇ.പി.എഫ്. കുടിശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പയെടുക്കുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഇ.പി.എഫ്. കുടിശ്ശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പയെടുക്കുന്നത് സംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി

107(5266) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനുമുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഇത്തരത്തിലുള്ളതാണ്.